**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **13-02-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മെഡിസെപ്പ് പദ്ധതിപ്രകാരം ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോട് ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് നിലവിൽ മെഡിസെപ്പ് പദ്ധതിപ്രകാരം ചികിത്സ ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | **കാസർഗോഡ് ജില്ലയിൽ നിലവിൽ മെഡിസെപ്പ് പദ്ധതിപ്രകാരം ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികളുടെ വിശദ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.** |
| (ബി) | കാസർഗോട് ജില്ലയിലെ കൂടുതൽ ആളുകളും വിദഗ്ധ ചികിത്സയ്ക്കായി ആശ്രയിക്കുന്ന കർണ്ണാടകയിലെ മംഗലാപുരത്തെ ആശുപത്രികളെ കൂടുതൽ ആശുപത്രികളെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കാസർഗോഡ് ജില്ലയുടെ അതിർത്തി സംസ്ഥാനമായ കർണ്ണാടകയിലെ മംഗലാപുരത്തെ K S Hedge hospital, Indiana Hospital തുടങ്ങിയ ആശുപത്രികളെ നിലവിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കർണ്ണാടകയിലെ മംഗലാപുരത്തെ കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് കമ്പനിയും ആശുപത്രി അധികൃതരുമായി വിവിധ അവലോകനയോഗങ്ങളിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത ആശുപത്രികളെയും അവയിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ ഇൻഷുറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ